9

## വിഭാഗരഹിത ക്രിസ്ത്യാനിത്വം-

# പാപങ്ങളുടെ മോചനം

സത്യസന്ധരായ ചില ആളുകൾ സ്നാനത്തെ സംബന്ധിച്ച ആത്മാവിന്റെ ഉപദേശത്തെ സ്വീകരിക്കുന്നതിൽ പരാജയപ്പെടുന്നുണ്ട് കാരണം സ്നാനത്തിനു കൂടുതൽ പ്രാധാന്യം കൊടുക്കുകയാൽ ക്രിസ്തുവിന്റെ രക്തത്തിന്റെ ശക്തിയുടെ വില കുറക്കുകയല്ലേ എന്നവർ സംശയിക്കുന്നു.

ബൈബിളിലെ ദൈവത്തിന്റെ ഉപദേശത്തിലെ ഒന്നിലധികം അർത്ഥം വരുന്നതിന്റെ അനന്തരഫലത്തെ നാം, മനുഷ്യരായതുകൊണ്ട്, വിധി പ്രസ്താവിക്കേണ്ടവരല്ല. എങ്കിലും, ആത്മാവിന്റെ സ്നാനത്തെ കുറിച്ചുള്ള ഉപദേശത്തെ അതിന്റെ സ്വാഭാവികവും വ്യക്തവുമായ അർത്ഥത്തിൽ നാം എടുക്കുന്നതുകൊണ്ടു രക്തത്തിന്റെ ശക്തിയിൽ നിന്നു വ്യതിചലിക്കുന്നില്ല. എല്ലാ അനുസരണവും സ്വീകാ ര്യമാകുന്നത് – വാസ്തവത്തിൽ, അനുസരണം തന്നെ ആകുന്നത് – രക്തത്തിൽ വിശ്വസിച്ചുകൊണ്ടുള്ള ഒന്നുമാത്രമാണ്. “അവന്റെ രക്ത ത്തിൽ ഉള്ള, വിശ്വാസം മുഖാന്തരം'' (റോമർ 3:25), കുഞ്ഞാടിന്റെ ശുദ്ധീകരണശക്തിയുള്ള രക്തത്തിലേക്കു നോക്കുമ്പോൾ, ഒരാൾ ദൈവത്തെ അനുസരിച്ചേക്കാം – ഈ വിധത്തിൽ മാത്രമെ ഒരാൾ സത്യ ത്തിൽ അനുസരിക്കുന്നുള്ളൂ. ഒരു അനുസരണവും, അതുകൊണ്ടു മാത്രം, രക്ഷിക്കുകയില്ല.

സ്നാനത്തെപ്പോലെ വിശ്വാസത്തിനും രക്ഷിക്കുവാനുള്ള ശക്തി യില്ല. അതുപോലെ, രക്തം കൂടാതെ അനുഗ്രഹത്തിനു വേണ്ടി പരിശ്രമി ക്കുന്നതു വെറുതെയാണ്. നമ്മുടെ കർത്താവിന്റെ ലജ്ജാകരവും മഹത്വകരവുമായ മരണത്താലത്രെ വിശ്വാസത്തിനു തന്നെയും പ്രസക്തിയുണ്ടായത്.

ദൈവത്തിനു പാപികളെ രക്ഷിക്കുവാൻ സാധ്യമാക്കിയതു ക്രിസ്തുവിന്റെ മരണമാണ്. ദൈവത്തിനു ഭോഷ്ക്ക് പറയുവാൻ സാധ്യമല്ലാത്തതുപോലെ, അവനു നീതിരഹിതനാകുവാനും സാധ്യമല്ല. അതുകൊണ്ടു ദൈവം ക്രിസ്തുവിനെ ''പ്രായശ്ചിത്തമാക്കി, ... യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുവാനും അത്രെ” (റോമർ 3:25, 26). വാസ്തവത്തിൽ, ദൈവം യേശുവിനെ മരിപ്പാൻ അനുവദിച്ചപ്പോൾ, അവനു മറ്റൊരു വിധത്തിൽ തുറക്കുവാൻ കഴിയാതിരുന്ന കരുണാവഴി, അവനു തുറക്കുവാൻ കഴിഞ്ഞു.

ആയിരക്കണക്കിനു ആളുകളോട് അവന് ദയവു തോന്നുകയും അവന്റെ അതിരില്ലാത്ത ഹൃദയത്തിൽ കരുണയും നിറഞ്ഞിരുന്നു; എന്നാൽ അവന്റെ നീതി നിലനിർത്തി പാപികളെ ചേർക്കുവാൻ കഴിയുമായിരുന്നില്ല. അപ്പോൾ, യേശുവിന്റെ മരണം, പാപികളെ ദൈവത്തിനു രക്ഷിപ്പാൻ സാധ്യത ഒരുക്കി. ഈ രക്തത്താലല്ലാത്ത പാപികളെ രക്ഷിപ്പാൻ മറ്റൊരു സ്വീകാര്യമായ വ്യവസ്ഥകളില്ല. ക്രിസ്തുവിന്റെ രക്തം കൂടാതെ ഒരു മനുഷ്യൻ ഹൃദയത്തിൽ വിശ്വസിക്കയും അനുസരിക്കയും ചെയ്താലും, സർവ്വ ശക്തനായ ദൈവത്തിനു അയാളെ രക്ഷിപ്പാൻ കഴിയുകയില്ല. അല്ലെങ്കിൽ, ദൈവം തന്റെ പുത്രന്റെ ജീവിതം ഉപയോഗിച്ചപ്പോൾ, ആ പുത്രൻ പിതാവിനോടു, കഴിയുമെങ്കിൽ ആ രക്തം ഒഴിവാക്കണമെന്നു ആവശ്യപ്പെട്ടു. എന്റെ പ്രിയപ്പെട്ടവരെ, ഇല്ല, ഇല്ല, പാപികളെ രക്ഷിപ്പാൻ തികച്ചും ആവശ്യമായ ഏറ്റവും വലിയ വിലയാണ് നല്കിയത്.

വിശ്വാസം രക്ഷിക്കുമെന്നും, മാനസാന്തരപ്പെട്ടില്ലെങ്കിൽ, അങ്ങനെ നശിച്ചു പോകുമെന്നും ആളുകളെ നാം പഠിപ്പിക്കുമ്പോൾ അപ്പോഴും, ദൈവം തന്നെ നല്കിയ വിലയെ നാം വില കുറച്ചു കാണുന്നില്ല. റോമർ 10:9–ൽ, "... യേശുവിനെ കർത്താവു എന്നു വായി കൊണ്ടു ഏറ്റു പറയുകയും, ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴു ന്നേല്പിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കയും ചെയ്താൽ, നീ രക്ഷിക്കപ്പെടും" എന്നു പറഞ്ഞപ്പോൾ, പൗലൊസ് കർത്താവിന്റെ മരണത്താലുള്ള ജയത്തെ വില കുറക്കുന്നുണ്ടോ? പൗലൊസിന്റെ പ്രസംഗത്തിൽ നിന്ന് യേശുവിന്റെ മരണത്തിന്റെ മതിപ്പിൽ നിന്ന് സ്നാനത്തെ മാറ്റുന്ന ഒന്നായിരുന്നില്ല തുറന്ന ഉപദേശം എന്നതുകൊണ്ട് ആരും ഭയപ്പെടേണ്ട. യേശുവിനെ കർത്താവായി ഏറ്റുപറയണം എന്നതു അപ്പൊസ്തലൻ രക്ഷയുടെ നിബന്ധനയായിട്ടാണ് പറഞ്ഞിരിക്കുന്നത്. കർത്താവായ യേശു ക്രിസ്തുവിനെ വായി കൊണ്ടു ഏറ്റു പറഞ്ഞാൽ, എങ്ങനെ രക്ഷ കിട്ടുമെന്നു നല്ലവരും സത്യസന്ധരുമായവർ വിചാരിക്കുകയില്ലേ? ആ പ്രവൃത്തിയിൽ തന്നെ, രക്ഷിക്കുന്ന ഒന്നുമില്ല. ഉണ്ടെങ്കിൽ, രണ്ടു മൂന്നു പ്രാവശ്യം ഏറ്റു പറഞ്ഞാൽ അതു കൂടുതൽ പ്രയോജനം ചെയ്യുമല്ലോ.

ഈ ചിത്രീകരണം പരിഗണിക്കുക. ഒരു കൃഷിയുടെ വിളവെടുപ്പ് നിബന്ധനയെ ആസ്പദമാക്കിയാണിരിക്കുന്നത്; അതാണ് വിളവെടു ക്കുമാറാക്കുന്നത്, ചെറിയ കൃഷി ചെറിയ വിളവെടുപ്പാണ് നല്കുന്നത്. കൂടുതൽ വിതെച്ചാൽ, വളരെ ഫലം കിട്ടും. ഒരാൾ ചെയ്യുന്ന കൃഷി ശരിയായും, കൂടുതൽ സാങ്കേതികമായും നടത്തിയാൽ, നല്ല വിളവെടുപ്പു കിട്ടും. കൃഷി ചെയ്യൽ വിളവെടുപ്പുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു. യേശുവിനെ കർത്താവെന്നു ഏറ്റു പറയുന്നതു പാപിയുടെ രക്ഷക്കു സഹായിക്കുന്നു, എന്നാൽ കൃഷി വിളവെടുപ്പിനെ സഹായിക്കുന്നതുപോലെ *അല്ല*. അതു എങ്ങനെ രക്ഷയെ സഹായി ക്കുന്നു? രക്തത്തിൽ നിന്നു ശക്തി കടമെടുത്താലേ ഏറ്റു പറച്ചൽ രക്ഷക്കു സഹായിക്കയുള്ളൂ; മറ്റൊരുവിധത്തിൽ പറഞ്ഞാൽ, അതു ആത്മാവിനെ ബന്ധപ്പെടുവാൻ സഹായിക്കുന്നു, അല്ലെങ്കിൽ രക്തവു

മായി ബന്ധപ്പെടുവാൻ നമ്മെ കൊണ്ടുവരുന്നു.

അതുകൊണ്ട്, "അതു സ്നാനത്തിന്നു ഒരു മുൻകുറി, സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല, ദൈവത്തോടുള്ള നല്ല മനസാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ, യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മേയും രക്ഷിക്കുന്നു" (1 പത്രൊസ് 3:21), എന്ന് പത്രൊസ് പറഞ്ഞപ്പോൾ, അവൻ കർത്താവിന്റെ രക്തത്തെ വില കുറക്കുകയല്ല. മറിച്ച്, അതിന്റെ രക്ഷിക്കുന്ന ശക്തിയെ ഉയർത്തിയിരിക്കയാണ്. വിശ്വാസത്തിലും, മാനസാന്തരത്തിലും, ഏറ്റുപറച്ചലിലും, സ്നാനത്തിലും – അതിൽ ഒരു ശക്തിയുമില്ല, ഒരു ഗുണവുമില്ല രക്ഷിക്കുവാൻ എന്നു പറയുന്നത് – രക്തത്തിന്റെ ശക്തിയിലും ബന്ധത്തിലും ആണ് രക്ഷിക്കുന്നത് എന്ന് പറയുകയാണ്. ഈ നിസ്സാര പ്രവൃത്തികൾ ദൈവത്തോടുള്ള അനുസരണമാകുന്നത്, രക്തം അവയിൽ പുരണ്ടാൽ മാത്രമെ, അവയ്ക്കു ഫലം ഉണ്ടാവുകയുള്ളൂ, കാരണം അവ രക്തവുമായിട്ടു ബന്ധപ്പെട്ടിരിക്കുന്നു. ആ രക്തം, ആട്ടു കൊറ്റന്റേതല്ല, പിന്നെയോ, നമ്മുടെ കർത്താവിന്റേതാണ്. തീർച്ചയായും, അത്തരം ശക്തിയോടെ അതു പറയുമ്പോൾ ക്രിസ്തുവിന്റെ രക്തത്തെ വില കുറക്കുന്നില്ല. രക്തത്തിന്റെ ഗുണത്തിൽ നിന്നുമാറ്റുന്ന എല്ലാ അനുസരണ പ്രവൃത്തികളെയും കുറിച്ചുള്ള തുറന്ന ഉപദേശം നമുക്ക് ഉപേക്ഷിക്കാതിരിക്കാം.

ദൈവം രക്തത്താൽ ശുദ്ധീകരിച്ചിരിക്കയാണ് വിശ്വാസം, മാനസാന്തരം, ഏറ്റു പറച്ചിൽ എന്നിവ. അവയ്ക്കു ഫലമുണ്ടാകുവാൻ ദൈവം രക്തം വെച്ചിരിക്കുന്നു, അതുകൊണ്ടു അവയിൽ ഒന്നുപോലും രക്തത്തിൽ നിന്നു മാറ്റാവുന്നതല്ല. കർത്താവിന്റെ രക്തത്തിൽ നിന്നു ഏതെങ്കിലും മാറ്റി നിർത്താൻ കഴിയുമായിരുന്നെങ്കിൽ, അവനു ശരീരം വെള്ളത്തിൽ അടക്കുന്ന ഹൃദയത്തിലെ വിശ്വാസം പ്രകടമാക്കുന്നതും ഒഴിവാക്കാമായിരുന്നില്ലേ? വിശ്വാസത്തിന്റേയും, മാനസാന്തരത്തിന്റേയും പ്രാധാന്യത്തെ രക്തത്തിന്റെ രക്ഷിക്കുന്ന ശക്തി കുറക്കാതെ തന്നെ കൊടുക്കാമെങ്കിൽ, അവനു സ്നാനത്തെ സംബന്ധിച്ചും അതു ചെയ്യാമല്ലോ. അവന്റെ ഇഷ്ടം അറിയാവുന്നവർക്കു മാത്രമെ ഇതു വാസ്തവത്തിൽ മനസ്സിലാവുകയുള്ളൂ.

നമ്മുടെ മുൻവിധികളും അഭിപ്രായങ്ങളും മാറ്റി നിർത്തുക! ഓരോ കക്ഷികളുടെ അഭിരുചിക്കനുസരിച്ചു ആത്മാവു എന്തു പറയേണ്ടിയിരുന്നു എന്ന കക്ഷി ചിന്ത മാറ്റി നിർത്തുക. അവയ്ക്കൊന്നും സത്യവുമായി ഒരു കാര്യവുമില്ല. ദൈവം എന്താണ് പറഞ്ഞത് എന്നും, അവൻ എന്താണ് അർത്ഥമാക്കിയത്?എന്നും നമുക്കു വെറുതെ ചോദിക്കാം.

പത്രൊസിന്റെ പെന്തെക്കൊസ്തു നാളിലെ പ്രസംഗത്തെക്കുറിച്ചു മൂന്നു പ്രമുഖ പണ്ഡിതന്മാർ പറഞ്ഞതു, നാം കഴിഞ്ഞ പാഠത്തിൽ പരിഗണിക്കയുണ്ടായി. പത്രൊസ് പ്രസംഗിച്ചതു, മാനസാന്തരവും സ്നാനവും പാപമോചനത്തിനുവേണ്ടിയായിരുന്നു എന്നു അവർ മൂന്നുപേരും സമ്മതിച്ചിട്ടുണ്ട്, ദൈവം പരിശുദ്ധാത്മാവു മുഖാന്തരം പത്രൊസിൽ പ്രസംഗിച്ചതു പാപങ്ങളുടെ മോചനത്തിനായി സ്നാനം

ഏല്പിൻ എന്നായിരുന്നു. പത്രൊസിന്റെ ഭാഷയുടെ വ്യക്തവും സ്പഷ്ടവുമായ അർത്ഥം ഇതാണെന്നു, ആരും നിഷേധിക്കുകയില്ല എന്നു, ഞാൻ കരുതുന്നു. എനിക്കു പറയാൻ കഴിയുന്നതു, ഒരു സിദ്ധാന്ത ത്തിൽ പിടിച്ചു നില്ക്കുന്നവരോ, അല്ലെങ്കിൽ ഏതെങ്കിലും ഒരു സമുദായത്തെ പിന്താങ്ങുന്നവരോ അല്ലാതെ ആരും, ഈ വ്യക്തമായ അർത്ഥത്തെ നിഷേധിക്കയില്ല.

ഞാൻ മുൻപു ഉദ്ധരിച്ച പ്രമുഖ ബാപ്റ്റിസ്റ്റു പണ്ഡിതനായിരുന്ന ജെയിംസ് ഡബ്ളിയു. വിൽമത്ത്, പറഞ്ഞു,

> തെറ്റായ വ്യാഖ്യാനത്തെ, അനേകം നല്ലവരായ ആളുകൾ, ആയ കാംബെലൈറ്റുകാർ ഭയപ്പെടുമ്പോൾ, തെറ്റായ തർജ്ജിമ നിലനിർത്തുന്ന നമുക്കു എന്തെങ്കിലും നേട്ടമോ, കാംബെലൈറ്റുകാരിൽ സത്യത്തിന്റെ ചാമ്പ്യന്മാരെ, നമുക്ക് എതിരാണെന്നു വെച്ചു അനുവദിക്കാറുണ്ടോ?[1]

മിസ്റ്റർ. വിൽമത്തിനെ പോലെ സത്യ സ്നേഹികളായ എല്ലാ ആളുകളും സത്യത്തെയും പാണ്ഡിത്യത്തെയും സമുദായത്തിനുപരിയായി ബഹുമാനിക്കും. കക്ഷി താല്പര്യത്തിനു പകരം, ആത്മാക്കൾക്കു വേണ്ടത്ര ദൈവത്തിന്റെ വചനത്തിലെ സത്യമായ വ്യാഖ്യാനം കൊടുക്കണം. ...

പശ്ചാത്തപിച്ച വിശ്വാസികളോടു സ്നാനമേറ്റു പാപങ്ങൾ മോചിക്കപ്പെടുവാൻ പത്രൊസ് പഠിപ്പിച്ചു ... ഇതേ ഉപദേശം വിശ്വസിക്കയും – ക്രിസ്ത്യാനിയായി മാത്രം – ഒരാൾക്ക് ക്രിസ്ത്യാനിയായിത്തീരാം എന്നുള്ളത് തീർച്ചയാണ്; കാരണം പത്രൊസ് ഒരു ക്രിസ്ത്യാനിയായിരുന്നു – ക്രിസ്ത്യാനി മാത്രം ആയിരുന്നു – അവൻ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ഏതൊരു സമുദായമോ, വ്യക്തിയോ നാമധേയ വിഭാഗരഹിത ഉപദേശത്തെ സ്വീകരിക്കുമെങ്കിൽ ഞാൻ തീർച്ചയായും സന്തോഷിക്കും. അത്തരം ഉപദേശത്തെ ഹൃദയപൂർവ്വം സമ്മതിച്ചാൽ, ആ സമയം, നാമധേയ വിഭാഗത്തിൽ പെടാതെ ബൈബിൾ ഉപദേശപ്രകാരം ക്രിസ്ത്യാനികൾ മാത്രം ആകുവാൻ ശ്രമിക്കുന്നവർ ഒരു വിഭാഗത്തിലും പെടുന്നില്ല, അവർ രക്ഷിക്കപ്പെടുമ്പോൾ കർത്താവിനാൽ ദൈവത്തിന്റെ സഭയിലേക്കു ചേർക്കപ്പെടുന്നു. സത്യസന്ധരായ എല്ലാവരും അവരുടെ എല്ലാ ഉപദേശത്തിലും നാമധേയ വിഭാഗരഹിതമായിരുന്നെങ്കിൽ ഞാൻ എത്ര സന്തോഷവാനാകുമായിരുന്നു! ആത്മാർത്ഥമായി ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏതൊരാളും വ്യക്തമായി വ്യാഖ്യാനിക്കുകയും, സ്നാനം മുങ്ങൽ ആണെന്നു പഠിപ്പിക്കയും ചെയ്താൽ, അയാൾ ഈ ലോകത്തിലെ നാമധേയ വിഭാഗരഹിത ക്രിസ്ത്യാനികളോടുകൂടെ "ഏക മനസ്സും ഏകാത്മാവും" ഉള്ള വ്യക്തിയാകും.

ക്രിസ്ത്യാനികൾ മാത്രമായി തീരുവാൻ "കക്ഷികളും," "സമുദായങ്ങളും," നാമധേയ വിഭാഗങ്ങളും വിട്ടു കളയുവാൻ നാം തയ്യാറാണോ? ദൈവത്തിന്റെ മക്കൾ എല്ലാവരും ഒന്നായിത്തീരുവാൻ കഴിയുന്ന തെല്ലാം

ചെയ്യുവാൻ നാം തയ്യാറാണോ? ഓർക്കുക, നാമധേയവിഭാഗ രഹിത ഉപദേഷ്ടാവു ആകുവാൻ, ഒരാൾ പത്രൊസ് പ്രസംഗിച്ചതു പോലെ പാപമോചനത്തിനുവേണ്ടി, അഥവാ പാപമോചനത്തിനാ യുള്ള സ്നാനം പഠിപ്പിക്കണം. അങ്ങനെ പഠിപ്പിക്കുമ്പോൾ, അയാൾ ഒരു മനുഷ്യന്റേയും ഉപദേശം അല്ല, ക്രിസ്തുവിന്റെ ഉപദേശം ആണ് പഠിപ്പിക്കുന്നത്. ഈ ഉപദേശവും കൊണ്ടല്ലാതെ വരുന്ന ആൾ ക്രിസ്തു വിനെയും അവന്റെ ഉപദേശത്തെയും തെറ്റായി പ്രതിനിധീകരിക്കയാണ്. ആ ഉപദേശത്തെ ക്രിസ്തു തന്റെ രക്തത്താലാണ് സ്ഥാപിച്ചതു; അതു കൊണ്ടു, അവന്റെയും, അവനു മാത്രവുമാണ് സകല മഹത്വവും.

---

കുറിപ്പ്

[1]ജെയിംസ് ഡബ്ലിയു. വിൽമത്ത്, *ബാപ്റ്റിസ്റ്റ് ക്വാർട്ടേർലി* യിൽ (ജൂലായ് 1877): 304–05. എഡിറ്ററിനുള്ള കുറിപ്പ് നോക്കുക.

© 2009 Truth for Today

## വിശ്വാസവും കാഴ്ച്ചയും

നാം കാഴ്ച്ചയാലല്ല, വിശ്വാസത്താലത്രേ നടക്കുന്നതു
(2 കൊരിന്ത്യർ 5:7)

***കാഴ്ച്ചയേക്കാൾ ശക്തമാണ് വിശ്വാസം***

കഠിനമായ സഹിഷ്ണുതയെ പിറുപിറുപ്പു കൂടാതെ സഹി ക്കുവാൻ പ്രാപ്തമാക്കുന്നതാണ് വിശ്വാസം. ഈ പ്രസ്താവനയുടെ മനോഹരമായ ഉദാഹരണങ്ങൾ ചിത്രീകരിച്ചിരിക്കയാണ് ബൈബിളിൽ നിറയെ, സഭയുടെ ചരിത്രവും അതു എല്ലാ അളവിലും അതിന്റെ സാക്ഷ്യം നിറഞ്ഞു കവിയുന്നുണ്ട്. ...

ഏറ്റവും വലിയ അപകടം നേരിടുമ്പോൾ, നമ്മുടെ വഴിയിൽ ധൈര്യവും, പ്രകാശവും നല്കുന്നു എന്ന വസ്തുത, മഹത്വകരമത്രെ. കപ്പലിൽ കടലിൽ കൂടെ യാത്ര ചെയ്തപ്പോൾ കാറ്റടിച്ചു ഭയങ്കരമായ തിരകൾ ശക്തമായി, അവസാനം, കപ്പൽ മുങ്ങുമെന്നായി. കപ്പലിലുണ്ടായിരുന്ന എല്ലാവരും ഉൽക്കണ്ഠ നിറഞ്ഞവരായി കാണപ്പെട്ടപ്പോൾ, ഒരാൾ മാത്രം തനിക്ക് അപകടമോ ഭീഷണിയോ ഇല്ലെന്നു തോന്നുമാറ് ഇരുന്നു. അവന്റെ ശാന്തമായ പെരുമാറ്റം ശ്രദ്ധിച്ചുവെങ്കിലും, അയാളുടെ ഭാര്യയ്ക്ക് അതിന്റെ കാരണം മനസ്സിലാകാതെ, എന്തുകൊണ്ടാണ് ഇത്രയേറെ കുഴപ്പങ്ങൾ ഉള്ളപ്പോഴും ശാന്തമായിരിക്കുന്നതെന്നു ചോദിച്ചു. അദ്ദേഹം ഉടനെ ഒരു കഠാരി വലിച്ചൂരി, അവളുടെ നെഞ്ചിനുനേരെ കാണിച്ചു. അയാൾ പറഞ്ഞു: "നീ ഈ കഠാരിയെ ഭയപ്പെടുന്നുണ്ടോ?" "ഇല്ല," എന്നവൾ മറുപടി പറഞ്ഞു, അവളുടെ വിളറിയ കവിളിൽ കൂടെ കണ്ണുനീരൊഴുകി. "നീ എന്താണ് ഭയപ്പെടാതിരിക്കുന്നത്?" അയാൾ തുടർന്നു. "കാരണം," അവൾ പറഞ്ഞു, *"അതു എന്റെ പ്രിയപ്പെട്ട ഭർത്താവിന്റെ കയ്യിലാണുള്ളത്."* "ഞാനും കൊടുങ്കാറ്റിനെ ഭയപ്പെ ടുന്നില്ല," അയാൾ പറഞ്ഞു; *"കാരണം അതു എന്റെ സ്വർഗ്ഗീയ പിതാവിന്റെ കൈകളിലാണ്. അവൻ എന്നെ സ്നേഹിക്കുന്നു എന്നും, എല്ലാം എന്റെ നന്മക്കായി പ്രവർത്തിക്കുമെന്നും എനിക്ക് അറിയാം."* ആ മനുഷ്യൻ വിശ്വാസത്താലാണ് നടന്നത്, വിശ്വാസം അയാളെ തികച്ചും മാറ്റിനിർത്തി. "അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും" [ഇയ്യോബ് 13:15] എന്നതു ബലഹീന മായതോ, മടിക്കുന്നതോ, വിക്കുള്ളതായോ കാണപ്പെട്ടില്ല.[1]

---

കുറിപ്പ്

[1]എടുത്തിട്ടുള്ളത് ഡബ്ലിയു. റ്റി. മുറെ, "ഫെയിത്ത് ആന്റ് സൈറ്റ്," *ന്യൂ ടെസ്റ്റമെന്റ് ക്രിസ്റ്റ്യാനിറ്റി,* വാല്യം. 1, എഡ്. ഇസഡ്. റ്റി.സ്വീനെ (കൊലൊമ്പസ്, ഇൻഡ്യ.: ബൈ ദ എഡിറ്റർ, 1923), 243–45.



© 2009 Truth for Today